## കേരള സർക്കാർ

## സംഗ്രഹം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ.(പി)നം.141/2017/ധന. തിരുവനന്തപുരം, തീയതി, 08/11/2017.

പരാമർശം : (1) 24.05.1999-ലെ സ.ഉ(പി)നം.12/1999/ഉ.ഭ.പ
(2) 07.01.2013-ലെ സ.ഉ(പി)നം.20/2013/ധന.
(3) 31.08.2016-ലെ സ.ഉ(പി)നം.126/2016/ധന.

### ഉത്തരവ്

01.04.2013-ന് ശേഷം സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ജീവനക്കാർ സർവ്വീസ്സിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതർക്ക് കുടുംബ പെൻഷനു അർഹതയില്ല. എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ സർവ്വീസ്സിലിരുന്ന് മരണമടയുന്ന ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി പരാമർശം (3) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## നടപടിക്രമങ്ങൾ:-

1) ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്ന മുഴുവൻ രേഖകളുടെയും രണ്ട് പകർപ്പുകൾ മരണപ്പെട്ട ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത സ്ഥാപനത്തിന്റെ മേധാവി/ ഡി.ഡി.ഒ-യ്ക്ക് ജീവനക്കാരന്റെ ആശ്രിതൻ/ആശ്രിത സമർപ്പിക്കേണ്ടതാണ്.

2) സ്ഥാപന മേധാവി/ഡി.ഡി.ഒ അപേക്ഷകൾ പരിശോധിച്ചതിന് ശേഷം മരണപ്പെട്ട വ്യക്തിയുടെ PEN നമ്പർ, അവസാനം വാങ്ങിയ ശമ്പളം, ഏത് ട്രഷറിയിൽ നിന്നാണോ ശമ്പളം കൈപ്പറ്റിയിരുന്നത്, പ്രസ്തുത ട്രഷറിയുടെ പേര് ഉൾപ്പെടെ ശുപാർശ സഹിതം അപേക്ഷ ഉചിതമാർഗ്ഗേന ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

3) എൻ.പി.എസ് സെൽ പ്രസ്തുത അപേക്ഷ സ്പാർക്കിലെ വിവരങ്ങളുമായി ഒത്തു നോക്കിയതിന് ശേഷം പി.പി.ഒ യ്ക്ക് സമാനമായി മരണപ്പെട്ട വ്യക്തിയുടെ PEN നമ്പർ കൂടി ചേർത്ത് പ്രത്യേകമായ ഒരു നമ്പർ ഓരോ അപേക്ഷയ്ക്കും അനുവദിക്കേണ്ടതാണ്.

4) ലഭ്യമായ രേഖകൾ പരിശോധിച്ചതിന് ശേഷം ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്, സ്ഥാപന മേധാവി/ഡി.ഡി.ഒ -യുടെ ശുപാർശയുടെ വെളിച്ചത്തിൽ മരണപ്പെട്ട വ്യക്തി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30%-ന് തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5) ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് ട്രഷറിക്കും അപേക്ഷകനും ബന്ധപ്പെട്ട സ്ഥാപന മേധാവി/ ഡി.ഡി.ഒ യ്ക്കും നൽകേണ്ടതാണ്.

6) ധനകാര്യ(എൻ.പി.എസ്) സെല്ലിൽ നിന്നും ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ആശ്വാസധനസഹായമായി അനുവദിച്ച തുക 2071-01-117-90 compassionate allowance to the dependants of employee who died while in service and was enrolled under national pension system എന്ന ശീർഷകത്തിൽ നിന്നും ട്രഷറി ഓഫീസർ നൽകേണ്ടതാണ്.

7) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്രിത നിയമനവ്യവസ്ഥ പ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അതാത് വകുപ്പ്/ഓഫീസ് തലവന്മാർ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിനെ യഥാസമയം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാർ അനർഹമായി ആശ്വാസ ധനസഹായം കൈപ്പറ്റുന്നത് വഴി സർക്കാരിന് വന്നേക്കാവുന്ന സാമ്പത്തിക നഷ്ടം പലിശ സഹിതം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്.

8) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ അനുബന്ധമായി ചേർത്തിരിക്കുന്ന സത്യപ്രസ്താവന വാങ്ങേണ്ടതും ആയത് താമസംവിനാ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

9) ഡി.ഡി.ഒ-മാർ ലഭ്യമാക്കിയിരിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർക്ക് അനുവദിച്ച ആശ്വാസ ധനസഹായം നിർത്തലാക്കാൻ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് ട്രഷറിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

10) ശമ്പളവും ആശ്വാസ ധനസഹായവും ഒരുമിച്ച് വാങ്ങുന്ന സന്ദർഭമുണ്ടായാൽ ജീവനക്കാരന്റെ തൊട്ടടുത്ത മാസശമ്പളത്തിൽ നിന്നും മുഴുവൻ തുകയും പലിശ സഹിതം വസൂലാക്കുന്നതും ജീവനക്കാരനെതിരെ വകുപ്പ് തല നടപടി കൈക്കൊള്ളുന്നതുമാണ്.

11) ആശ്രിത നിയമനവ്യവസ്ഥ സൂചന(1) ഉത്തരവിന്റെ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയോ ജോലി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ ഓഫീസ് മേധാവി പ്രസ്തുത വിവരം ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിനെ അറിയിക്കേണ്ടതാണ്.

12) പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ അപേക്ഷ സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്ന 2 വർഷം വരെയും, അർഹതയുള്ളവർ പ്രായപൂർത്തിയാകാത്തവർ ആണെങ്കിൽ അവർ പ്രായപൂർത്തിയായതിന് ശേഷം 3 വർഷം വരെയും തുക അനുവദിയ്ക്കുന്നതാണ്.

13) മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർ വിവാഹം കഴിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിതന് ജോലി ലഭിച്ചിട്ടില്ല എന്ന സത്യപ്രസ്താവന, ആശ്വാസധനസഹായം വാങ്ങുന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ എല്ലാ വർഷവും ജനുവരി മാസം ബന്ധപ്പെട്ട ട്രഷറിയിൽ ഹാജരാക്കേണ്ടതും അതിന്റെ പകർപ്പ് ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആൻറ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആൻറ് എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. എല്ലാ ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ.
7. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.
8. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ.
9. ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.
10. ഗവർണ്ണറുടെ സെക്രട്ടറി.
11. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
12. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
13. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ആശ്വാസ ധനസഹായ പദ്ധതി അപേക്ഷ ഫോറം

31.08.2016-ലെ സ.ഉ(പി)നം.126/2016/ധന ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ ഫോറം.

മരണപ്പെട്ട ജീവനക്കാരന്റെ/ജീവനക്കാരിയുടെ ..............................
(പേര്) ...............................................(തസ്തിക) ....................................
(ഓഫീസ്)............................ (PEN നമ്പർ)

അപേക്ഷകന്റെ
ഫോട്ടോ
ഓഫീസ് മേധാവി
സാക്ഷ്യപ്പെടുത്തിയത്

| | | | |
|---|---|---|---|
| അപേക്ഷകന്റെ/അപേക്ഷകയുടെ പേര് | | | |
| ജീവനക്കാരനുമായുള്ള ബന്ധം | | | |
| ജീവനക്കാരൻ മരണപ്പെട്ട ദിവസം | | | |
| മരണപ്പെട്ട ജീവനക്കാരന്റെ നിയമപരമായ അവകാശികളുടെ പേരും വിലാസവും | പേര്/വിലാസം | ജനനതീയതി | വയസ്സ് |
| 1)ഭാര്യ/ഭർത്താവ് | | | |
| 2)25 വയസിന് താഴെയുള്ള മകൻ/മകൾ | | | |
| 3) മാതാവ് | | | |
| 4)പിതാവ് | | | |

ജില്ലാ /സബ്ട്രഷറിയുടെ പേര് :
ബാങ്കിന്റെ പേര്,അക്കൗണ്ട് നമ്പർ ,IFSC code :
ആധാർ നമ്പർ
ഫോൺ നമ്പർ
ഇ മെയിൽ ID

അപേക്ഷകൻ/അപേക്ഷകയുടെ പൂർണ്ണമായ മേൽവിലാസം:

ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്.......................................................................

സാക്ഷികൾ 1).......................................................................................................

2).......................................................................................................

# സത്യപ്രസ്താവന

1) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ..........................ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ .................................. എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി ആശ്വാസധനസഹായം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. എനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിച്ചതിന് ശേഷവും ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം സർക്കാറിലേയ്ക്ക് തിരിച്ചടയ്ക്കുന്നതാണെന്നു ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി: ഒപ്പ് :

സ്ഥലം: പേര് :

**അല്ലെങ്കിൽ**

2) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട .......................... ന്റെ ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ .................................. എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി ആശ്വാസ ധനസഹായം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി വരെ മാത്രമേ തുക കൈപ്പറ്റുകയുള്ളു എന്നും, തുടർന്ന് ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി: ഒപ്പ് :

സ്ഥലം: പേര് :